# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 891 — 08.03.12 ൽ -മറുപടിക്ക്

## എ.പി.എൽ. റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റുവാനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ.ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | എ.പി.എൽ. റേഷൻകാർഡ് ലഭിച്ചിട്ടുള്ളവർക്ക് ബി.പി.എൽ. റേഷൻകാർഡിലേക്ക് മാറുന്നതിനുള്ള അപേക്ഷയിന്മേൽ അനുകൂല നടപടിയുണ്ടാകുന്നതിന് അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയം ഭരണ വകുപ്പ് തയ്യാറാക്കിയ പുതിയ ബി.പി.എൽ പട്ടികയിലുൾപ്പെട്ടവർക്ക് അർഹത പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തി ബി.പി.എൽ കാർഡ് അനുവദിക്കുവാൻ ജില്ലാകളക്ടർമാർക്ക് 05.11.11 ലെ ജി.ഒ(എം.എസ്) നം.38/11 ഭസിസവ നമ്പർ ഉത്തരവ് പ്രകാരം അധികാരം നൽകിയിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ബി.പി.എൽ. റേഷൻകാർഡ് ലഭിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2,55,813 അപേക്ഷകൾ തിരുവനന്തപുരം ജില്ലയിൽ ബി.പി.എൽ റേഷൻകാർഡ് കിട്ടുന്നതിന് ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ അപേക്ഷകളുടെ അടിസ്ഥാനത്തിൽ എത്ര എണ്ണത്തിൽ അനുകൂല തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ? | (സി) | ഇതിൽ അർഹതപ്പെട്ട 137 എണ്ണത്തിൽ അനുകൂല തീരുമാനമെടുത്തിട്ടുണ്ട് മറ്റുള്ളവ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ